# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5360 — 26.03.2018-ന് മറുപടിയ്ക്ക്

## വികസനാവശ്യത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, പി.ടി.എ. റഹീം<br>,, വി. ജോയി<br>,, ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വൻകിട പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുപ്പ് നടപടികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്തതുകൊണ്ട് പദ്ധതികൾ അനിയന്ത്രിതമായി വൈകാനിടയാകുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) സംസ്ഥാനത്തെ വൻകിട പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുപ്പ് നടപടികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്തതുകൊണ്ട് പ്രസ്തുത പദ്ധതികൾ അനിയന്ത്രിതമായി വൈകുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തെ റെയിൽവേ വികസനം, ദേശീയ പാതകളുടെ വികസനം, തിരുവനന്തപുരം-കണ്ണൂർ വിമാനത്താവള വികസനം എന്നിവയ്ക്കായി നടന്നുവരുന്ന സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) റയിൽവെ, ദേശീയപാത, തിരുവനന്തപുരം-കണ്ണൂർ വിമാനത്താവളം എന്നിവയുടെ വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി ചുവടെ ചേർക്കുന്നു. |

**റയിൽവേ വികസനം**

a). റയിൽവെ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി താഴെ പറയുന്ന രീതിയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

കോട്ടയം ജില്ലയിൽ 3 റീച്ചുകളിലായിട്ടാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

റീച്ച് 1
ഏറ്റെടുക്കാനുള്ള 7.92 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

റീച്ച് 2
ഏറ്റെടുക്കാനുള്ള 17.15.20 ഹെക്ടർ സ്ഥലത്തിൽ 10.11.10 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 7.04.10 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്.

റീച്ച് 3
ഏറ്റെടുക്കാനുള്ള 0.11.30 ഹെക്ടർ സ്ഥലത്തിൽ 0.11.26 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 0.00.04 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്.

പത്തനംതിട്ട ജില്ലയിൽ തിരുവല്ല റയിൽവെ സ്റ്റേഷനിൽ ഗുഡ്സ് യാർഡ് നിർമ്മാണത്തിനായി 75.02 ആർ സ്ഥലം എൽ.എ.ആർ.ആർ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച കഴിഞ്ഞു.

ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്-അമ്പലപ്പുഴ റയിൽവെ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രീതിയിലാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

ഫേസ് 1
ഏറ്റെടുക്കാനുള്ള 19.24.79 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റയിൽവെക്ക് കൈമാറിയിട്ടുണ്ട്.

ഫേസ് 2
ഏറ്റെടുക്കാനുള്ള 8.52 ആർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു.

ഫേസ് 3
ഏറ്റെടുക്കാനുള്ള 19.08 ആർ സ്ഥലത്തിൽ 13.31 ആർ സ്ഥലം ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 5.77 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കുവാനുള്ളത്.

റയിൽവെ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട മറ്റ് അക്വിസിഷനുകൾ
1. അരൂർ ബ്രിഡ്ജ്
2.72 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്.

2.സേഫ്റ്റി ഇൻസ്റ്റലേഷൻ, ചേർത്തല
1.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം ലഭിച്ച കഴിഞ്ഞു.

3.തുറവൂർ-കുമ്പളം
എൽ.എ.ആർ.ആർ നിയമപ്രകാരം 11.13 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്.

4.അമ്പലപ്പുഴ-തുറവൂർ റയിൽവെ ഡബ്ലിങ്ങ്.
സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ലഭിച്ചിട്ടില്ല.

തിരുവനന്തപുരം-കന്യാകുമാരി റയിൽപാത ഇരട്ടിപ്പിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്. പ്രസ്തുത അക്വിസിഷനുവേണ്ടി മാത്രമായി ഒരു ലാന്റ് അക്വിസിഷൻ യൂണിറ്റ് തുറക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

b).അങ്കമാലി - ശബരി റയിൽപാതയ്ക്ക് വേണ്ടി കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ 30/05/2017-ലെ സ.ഉ (സാധാ) 2457/2017/ആർ.ഡി പ്രകാരം 2 സ്പെഷ്യൽ തഹസിൽദാർ ഉൾപ്പെട്ട 2 എൽ.എ യൂണിറ്റുകൾ തുടങ്ങി ഉത്തരവായിട്ടുണ്ട്. കോട്ടയം ജില്ലയിൽ നിന്നും 171 ഹെക്ടർ ഭൂമിയും എറണാകുളം ജില്ലയിൽ നിന്ന് 131.6348 ഹെക്ടർ ഭൂമിയും ഈ പദ്ധതിക്കായി ഇനി ഏറ്റെടുക്കാനുണ്ട്. എറണാകുളം ജില്ലയിൽ ഏറ്റെടുക്കാനുള്ള ഭൂമിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി ഡോൺബോസ്കോ ആർട്ട്സ് & സയൻസ് കോളേജ്, അങ്ങാടികടവ്, കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>**ദേശീയപാത വികസനം**</u>

ദേശീയ പാത വികസനത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

- വികസന പാതയുടെ അലൈൻമെന്റിന് പൊതുമരാമത്ത് വകുപ്പ് അംഗീകാരം നൽകണം.
- 3a ഭൂമി ഏറ്റെടുക്കുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം.
- 3 A :- ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ സർവ്വേ നം., വില്ലേജ്, താലൂക്ക്, ജില്ല എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം. 3A വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം 3 D പ്രഖ്യാപനം 1 വർഷത്തിനുള്ളിൽ പ്രാബല്യത്തിൽ വന്നില്ലെങ്കിൽ 3 A വിജ്ഞാപനം അസാധുവായിത്തീരും.
- 3 D:- 3A പ്രകാരമുള്ള കൈവശഭൂമികൾ സർവ്വേ നടത്തി ഓരോ കൈവശ ഭൂമിയുടേയും തരവും വിസ്തീർണ്ണവും ഭൂ ഉടമകളുടെ വിവരവും ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.
- 3G : 3D പ്രകാരമുള്ള കൈവശഭൂമികളുടെ

നഷ്ടപരിഹാരം 2013ലെ RFCTLARR Act-ലെ ഒന്നാം ഷെഡ്യൂൾ പ്രകാരം കണക്കാക്കി അവാർഡ് പാസാക്കുന്നു.

സംസ്ഥാനത്ത് ഓരോ ജില്ലകളിലും ദേശീയപാതയുടെ വികസനത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. .

**<u>വിമാനത്താവള വികസനം</u>**

a).**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം :** തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി പേട്ട വില്ലേജിൽപ്പെട്ട 18 ഏക്കർ സ്ഥലവും മുട്ടത്തറ വില്ലേജിൽപ്പെട്ട 0.53 ഏക്കർ സ്ഥലവും പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി സാമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. സാബു.പി.തോമസ്, വൈസ് പ്രിൻസിപ്പൽ ആന്റ് അസിസ്റ്റന്റ് പ്രൊഫസർ ഇൻ സോഷ്യൽ വർക്ക്, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, ശ്രീകാര്യം, തിരുവനന്തപുരത്തെ ചുമതലപ്പെടുത്തികൊണ്ട് 01/03/2017-ലെ സ.ഉ.(പി) നം 16/2017/റവന്യൂ പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അന്തിമ റിപ്പോർട്ട് എക്സ്പെർട്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും എക്സ്പെർട്ട് കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതുമാണ്.

b).**<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം</u> :-** കണ്ണൂർ വിമാനത്താവളത്തിനായി ഒന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളിലായി 813.6141 ഹെക്ടർ (2009.63 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 1192.18 ഏക്കർ ഭൂമി KIAL ന് ownership ആയി കൈമാറുകയും ബാക്കി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. Cat I Lighting, Storm Water Drainage, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ട് 430.93 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സെപ്റ്റംബർ 2018-ഓടുകൂടി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം കമ്മീഷൻ ചെയ്യുവാനുദ്ദേശിക്കുന്നു.

| | |
|---|---|
| (സി) വികസനാവശ്യത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) വികസനാവശ്യത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി എല്ലാ ജില്ലകളിലും പൊന്നുംവില സ്പെഷ്യൽ തഹസീൽദാർ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് 2013-ലെ പൊന്നുംവില നിയമപ്രകാരമാണ്. എന്നിരുന്നാലും സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഡയറക്റ്റ്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരവും ഭൂമി ഏറ്റെടുക്കുന്നു (ഭൂ ഉടമസ്ഥർ തയ്യാറാകുന്ന പക്ഷം). ഭൂ ഉടമസ്ഥരുടെ എതിർപ്പ് ലഘൂകരിക്കുന്നതിനായി നിലവിലുള്ള പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് പുതിയ റീഹാബിലിറ്റേഷൻ പോളിസി 29/12/2017-ലെ ജി.ഒ(എം.എസ്) 448/17/ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



# Department of Revenue

## Office of the Addl. Secretary (Land Acquisition)

## Details of Land Acquisition for the month of March 2018

| Sl.No | Project | District | Strech | Length in (KM) | Total Land required (in Hec) | Land already with Govt. (Existing RoW) | Total additional land to be acquired (Hec) | Cumulative Progress upto 22 January 2018 | | | | Pending LA works (inHec) | | | % of additional land taken Possession | % of additional land including existing Row |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 3A (Hec) | 3D(Hec) | 3G(Hec) | Possession(Hec) | 3A (Hec) | 3D(Hec) | 3G(Hec) | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | | | | | 2589.826 | 1408.42 | 1180.666 | 516.176 | 285.14 | 36.49 | 37.16 | 720.1 | 908.184 | 1156.836 | | |
| 1 | Kasargode – Section 1 ( De.Ch:17.200 to De.Ch. 56.200) | Kasargode | Thalappady to Chengala (km 17 + 200 to km 57 + 200) | 39.000 | 175.500 | 124.500 | 51.000 | 46.230 | 27.500 | 0.680 | 0.000 | 4.770 | 23.500 | 50.320 | 9.06% | 73.57% |
| 2 | Kasargode Section II ( De.Ch:56.200 to De.Ch. 101.508) | Kasargode | Chengala to Kalikkadavu (KM 57+200 to KM 104+000) | 45.308 | 203.886 | 144.886 | 59.000 | 49.310 | 48.800 | 0.390 | 0.000 | 9.690 | 10.200 | 58.610 | 19.59% | 76.73% |
| 3 | Kannur Section 1 ( De.Ch:101.508 to De.Ch. 164.680) | Kannur | Kalikadavu to Muzhuppilangadu (KM 104+000 to KM 170+600) | 63.172 | 272.980 | 50.500 | 222.480 | 137.460 | 112.150 | 9.240 | 1.488 | 85.020 | 110.330 | 213.240 | 11.91% | 28.20% |
| 4 | Thalassery Mahi Byepass ( De.Ch:170.600 to De.Ch. 189.200 | Kannur | Muzhuppilangadu to Kodiyeri (KM 170+300 to KM 182+200) | 11.900 | 83.700 | 46.474 | 37.226 | 37.226 | 35.670 | 26.180 | 35.672 | 0.000 | 1.554 | 11.046 | 95.83% | 98.14% |
| | | Mahe | Kodiyeri to Mahi (KM 182+200 to KM 184+200) | 2.000 | | | | | | | | | | | | |
| | | Kannur | Mahi to Chokli (KM 184+200 to KM 185+960) | 1.760 | | | | | | | | | | | | |
| 5 | Azhiyur to Vengalam | Kozhikode | Chokli to Azhiyur (KM 185+960 to KM 188+160) | 2.200 | | | | | | | | | | | | |
| | | Kozhikode | Azhiyur to Vengalam (KM 188+160 to KM 230+400) | 42.400 | 185.000 | 61.700 | 123.300 | 59.900 | 59.900 | 0.000 | 0.000 | 63.400 | 63.400 | 123.300 | 0.00% | 33.35% |
| 6 | Kozhikode Bypass ( De.Ch:56.200 to De.Ch. 101.508 | Kozhikode | Kozhikode Byepass (Vengalam -Ramanattukara) | 28.400 | 127.800 | 126.680 | 1.120 | 1.120 | 1.120 | 0.000 | 0.000 | 0.000 | 0.000 | 1.120 | 0.00% | 99.12% |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 7 | Ramanattukara ( De.Ch:236.14 to De.Ch. 318) | Malappuram | Ramanattukara – Kuttippuram (263.800 to 318.000) | 52.560 | 236.520 | 96.140 | 140.380 | 140.38 (3A published) | 0.000 | 0.000 | 0.000 | 0.000 | 140.380 | 140.380 | 0.00% | 40.65% |
| 8 | 4 laining of Kuttippuram to Edappally Section of NH 66 (Old No. 17) | Malappuram | 4 laining of Kuttippuram (KM 318.000) to Andathode (KM 349.800) Section of NH 66 (Old No.17) | 23.840 | 107.280 | 52.140 | 55.130 | 55.13 (Sent 3A for publication) | 0.000 | 0.000 | 0.000 | 55.130 | 55.130 | 55.130 | 0.00% | 48.60% |
| | | Thrissur | 4 laining of Anathode (KM 349.800) to Muthakunnam (KM 398.260) Section of NH 66 (Old No.17) | 48.460 | 270.000 | 75.290 | 194.710 | 0.000 | 0.000 | 0.000 | 0.000 | 194.710 | 194.710 | 194.710 | 0.00% | 27.89% |
| | | Ernakulam | 4 laining of Moothakunnam (KM 398.260) to Edappally (KM 438.600) Section of NH 66 (Old No.17) | 40.340 | 152.000 | 110.950 | 41.050 | 0.000 | 0.000 | 0.000 | 0.000 | 41.050 | 41.050 | 41.050 | 0.00% | 72.99% |
| 9 | 4 laining of Cherthala to Ochira of of NH 66 (Old No. 17) | Alappuzha | Cherthala (KM 379.100) to Oachira (KM 460.700) | 81.600 | 386.160 | 272.160 | 114.000 | 126.660 | 0.000 | 0.000 | 0.000 | 126.660 | 126.660 | 126.660 | 0.00% | 70.48% |
| 10 | 4 laining of Oachira to Kazhakkuttom Section of of NH 66 (Old No. 47) | Kollam | Oachira (KM 460.700) to Kadampattukonam (KM 517.200) | 56.500 | 234.000 | 175.000 | 58.270 | 58.270 | 0.000 | 0.000 | 0.000 | 58.270 | 58.270 | 58.270 | 0.00% | 74.79% |
| | | Thiruvananthapuram | Kadampattukonam (KM 517.200) to Kazhakkuttom (KM 551.900) | 34.700 | 155.000 | 72.000 | 83.000 | 1.6 (74.08.20-3A published) | 0.000 | 0.000 | 0.000 | 81.400 | 83.000 | 83.000 | 5.57% | 49.43% |